**Athmaraksha.org**

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## സഹിഷ്ണുതയുള്ള സമൂഹത്തെ സൃഷ്ടിക്കണം: അമേരിക്കയോട് മാർപാപ്പ



വാഷിങ്ടൺ: പാവപ്പെട്ടവരോടു ഫ്രാൻസിസ് മാർപാപ്പ കാണിക്കുന്ന കരുണയെ പുകഴ്ത്തി ബറാക് ഒബാമ. സഹിഷ്ണുതയും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സമൂഹസൃഷ്ടിക്ക് അമേരിക്ക മുന്നിട്ടിറങ്ങണമെന്നു മാർപാപ്പ. മാർപാപ്പയെ വൈറ്റ് ഹൗസിലേക്കു സ്വാഗതം ചെയ്യുകയായിരുന്നു യു എസ് പ്രസിഡന്റ്. പല കാര്യങ്ങളിലും അമേരിക്കയുടെ വിമർശകൻകൂടിയായ മാർപാപ്പ തന്റെ ആശയങ്ങളും മറച്ചുവച്ചില്ല. മാർപാപ്പയുടെ ആറു ദിവസത്തെ അമേരിക്കൻ പര്യടനമാണ് മാർപാപ്പ നടത്തിയത്.

ക്യൂബയുമായി അമേരിക്ക ബന്ധം മെച്ചപ്പെടുത്തണമെന്ന മാർപാപ്പയുടെ നിർദ്ദേശത്തെയും യുദ്ധം അനാഥരാക്കിയ അഭയാർത്ഥികളോടു കാണിക്കുന്ന ദയയെയും ഒബാമ പുകഴ്ത്തി. കാലാവസ്ഥാവ്യതിയാനത്തെ നേരിടാനുള്ള നിശ്ചയദാർഢ്യം അദ്ദേഹം എടുത്തു പറഞ്ഞു."ദൈവത്തിന്റെ സമ്മാനമായ ഈ ഭൂമിയെ സംരക്ഷിക്കുക എന്ന വിശുദ്ധ ലക്ഷ്യം നമുക്കുണ്ടെന്ന് അങ്ങ് ഞങ്ങളെ ഓർമ്മിപ്പിച്ചു. ഭാവി തലമുറയ്ക്കായി ഭൂമിയെ സംരക്ഷിക്കണമെന്ന" രാജ്യത്തലവന്മാരോടായി അങ്ങു നടത്തുന്ന അഭ്യർത്ഥനയെ ഞങ്ങൾ പിന്താങ്ങുന്നു- ഒബാമ പറഞ്ഞു.

അമേരിക്കയിലെത്തിയ ഫ്രാൻസിസ് മാർപാപ്പ ഫിയറ്റ് 500 എൽ എന്ന ചെറുകാറിൽ വൈറ്റ് ഹൗസിലേക്ക് എത്തുന്നു. സ്വീകരിക്കാൻ കാത്തുനിൽക്കുന്ന ബറാക് ഒബാമയെയും മിഷേലിനെയും കാണാം. ഇത്രയും ചെറിയ കാറിൽ ഒരു വിശിഷ്ടാതിഥി വൈറ്റ് ഹൗസിലേക്ക് എത്തുന്നത് ആദ്യമായാണ്. അമേരിക്കയിൽ ഉള്ളവയിൽ ഏറ്റവും ചെറിയ കാറാണത്.

കാലാവസ്ഥവ്യതിയാനത്തെ നേരിടണമെന്നും സഹിഷ്ണുതയും ബഹുസ്വരതയും ഉള്ള സമൂഹത്തെ കെട്ടിപ്പടുക്കണമെന്നും അമേരിക്കക്കാരോടു മാർപാപ്പ ആവശ്യപ്പെട്ടു. വൈറ്റ് ഹൗസിലെ സൗത്ത് ലോണിൽ നടന്ന പ്രസംഗത്തിൽ അന്തരീക്ഷ മലിനീകരണം കുറയ്ക്കാൻ ഒബാമ നടത്തുന്ന പരിശ്രമത്തെ പാപ്പാ പ്രശംസിച്ചു. പതിനയ്യായിരത്തോളംവരുന്ന സദസ്സിനോടാണു പോപ്പ് സംസാരിച്ചത്. മാർട്ടിൻ ലൂഥർ കിങ്ങിനെ പ്രസംഗത്തിൽ മാർപാപ്പ അനുസ്മരിച്ചു.

അതേസമയം ഗർഭച്ഛിദ്രം, സ്വവർഗവിവാഹം എന്നീ കാര്യങ്ങളിൽ അമേരിക്കയോടുള്ള വിയോജിപ്പും

മാർപാപ്പ രേഖപ്പെടുത്തി. ഫിലാഡൽഫിയയിലെ സന്ദർശന വേളയിൽ വിവാഹത്തെയും കുടുംബവ്യവസ്ഥയെയും പിന്താങ്ങാനായി സംഘടിപ്പിക്കുന്ന യോഗത്തിൽ പങ്കെടുക്കുമെന്നും പാപ്പ അറിയിച്ചു.